പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 242 **29-10-2026-ൽ മറുപടിയ്ക്ക്**

ഭൂമിയുടെ അമിതമായ ന്യായവില

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. ബിനിമോൻ

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. സുധീർഷാ പാലോട്

ശ്രീ. രാജൻ. ജെ. പല്ലൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് അമിതമായ ന്യായവില (ഫെയർ വാല്യൂ) നിശ്ചയിച്ചിട്ടുള്ള ഭൂമികളുടെ പരിശോധന സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; അമിതമായ ന്യായവില നിശ്ചയിച്ചിട്ടുള്ള ഭൂമികൾ കണ്ടെത്തുന്നതിനും അവയുടെ ന്യായവില പുനഃപരിശോധിക്കുന്നതിനും നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്ത് അമിതമായ ന്യായവില നിശ്ചയിച്ചിട്ടുള്ള പ്രദേശങ്ങളുടെ പരിശോധന സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി പ്രസ്തുത വിഷയം സർക്കാരിന്റെ 100 ദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. 2010-ൽ നിശ്ചയിച്ചിട്ടുള്ള ന്യായവിലയിൽ അപാകത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സംസ്ഥാനത്ത് അമിതമായ/കുറവ് ന്യായവില നിശ്ചയിക്കപ്പെട്ട പ്രദേശങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും സംസ്ഥാനമൊട്ടാകെ ഭൂമിയുടെ ന്യായവില പുന:നിർണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇത്തരം ഭൂമികളുടെ പരിശോധനയ്ക്കായി ലഭിച്ചിട്ടുള്ള അപേക്ഷകളും പരാതികളും പരിശോധിച്ച് തീർപ്പാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; ന്യായവില നിർണയത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും അർഹരായ ഭൂവുടമകൾക്ക് ന്യായമായ പരിഹാരം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

മറുപടി: അമിതമായ ന്യായവില സംബന്ധിച്ച ആക്ഷേപം അപ്പീലുകളായാണ് സ്വീകരിച്ചുവരുന്നത്. ടി അപ്പീലുകൾ അപ്പീൽ അതോറിറ്റിയായ ജില്ലാ കളക്ടർമാർ തീർപ്പാക്കി വരുന്നു. ന്യായവില നിർണയത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും അർഹരായ ഭൂവുടമകൾക്ക് ന്യായമായ പരിഹാരം ഉറപ്പാക്കുന്നതിനും ജില്ലാ കളക്ടർമാർ നടപടി സ്വീകരിച്ചു വരുന്നു.

(സി) പരിശോധനകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; പരിശോധന പൂർത്തിയാക്കി അർഹതയുള്ള

കേസുകളിൽ ഭൂമിയുടെ ന്യായവില പുനർനിർണയിക്കുന്നതിനും നടപടികൾ വേഗത്തിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

മറുപടി: അമിതമായ ന്യായവില സംബന്ധിച്ച് അപ്പീലുകളിലെ പരിശോധനകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർമാർ ഇതു സംബന്ധിച്ച പരാതികളിൽ നടപടി സ്വീകരിച്ചു വരുന്നു. 2010-ൽ നിശ്ചയിച്ചിട്ടുള്ള ന്യായവിലയിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സംസ്ഥാനത്ത് അമിതമായ /കുറവ് ന്യായവില നിശ്ചയിക്കപ്പെട്ട പ്രദേശങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും സംസ്ഥാനമൊട്ടാകെ ഭൂമിയുടെ ന്യായവില പുന:നിർണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ